**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6391** **20-03-2023 - ൽ മറുപടിയ്ക്ക്**

**വനഭൂമി സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമി സംരക്ഷിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | വനഭൂമിയുടെ സംരക്ഷണത്തിനായി നിരന്തരമായി പകലും രാത്രിയുമുള്ള പട്രോളിംഗ്, വനാന്തർഭാഗത്തുള്ള ക്യാമ്പിംഗ്, വനസംരക്ഷണ സമിതികളുടെ സഹകരണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ, വനസംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളുടെ നടപ്പാക്കൽ, വനാതിർത്തി ജണ്ട കെട്ടി വേർതിരിക്കൽ, വനം കയ്യേറ്റം തടയൽ, കാട്ടുതീ പ്രതിരോധത്തിന്റെ ഭാഗമായി ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി ആയതിലെ ശിപാർശകൾ നടപ്പിലാക്കൽ, വനസംരക്ഷണ ജീവനക്കാർക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും പരിശീലനവും ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ വനപരിപാലനത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ള തോട്ടങ്ങളുടെ പരിപാലനം, മണ്ണ്-ജലസംരക്ഷണ പ്രവർത്തികൾ, പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നുണ്ട്. |
| (ബി) | സ്വകാര്യ വനം പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സ്വകാര്യ വനങ്ങൾ പതിച്ചുനല്കുന്നതുമായി ബന്ധപ്പെട്ട് നടപടികളൊന്നും നിലവിൽ സ്വീകരിച്ചു വരുന്നില്ല. |
| (സി) | വനത്തോട് ചേർന്ന് നിൽക്കുന്ന ഭാഗങ്ങളിൽ യഥാർത്ഥ കർഷകരെ സംരക്ഷിക്കുന്നതിനോടൊപ്പം വനഭൂമി കയ്യേറുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | വനത്തോട് ചേർന്ന് നിൽക്കുന്ന ഭാഗങ്ങളിൽ യഥാർത്ഥ കർഷകരെ സംരക്ഷിക്കുന്നതിനോടൊപ്പം വനഭൂമി കയ്യേറുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി സർവ്വേ ടീമിന്റെ സഹായത്തോടെ വനാതിർത്തി പുനഃനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുകയും, ഫീൽഡ് വിഭാഗം ജീവനക്കാരും വാച്ചർമാരും വനാന്തർഭാഗത്തും വനാതിർത്തികളിലും നിരന്തരം പട്രോളിംഗ് നടത്തി വനഭൂമി കയ്യേറുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതുമാണ്. വനം കയ്യേറ്റം കർശനമായി തടയുന്നതിന് വനാതിർത്തികളിൽ പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തുകയും കയ്യേറ്റങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമാനുസൃതം കേസുകൾ രജിസ്റ്റർ ചെയ്യുകയും, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ